# Malayala Manorama

# 11 August 2018

# Thiruvananthpurm: Flood, Flood relief , Rain Continues till 14



## കനത്ത മഴ 14 വരെ

തിരുവനന്തപുരം● കേരളത്തിൽ 14 വരെ കനത്ത മഴ തുടരുമെന്നു കാലാവസ്ഥാ മുന്നറിയിപ്പ്. ഇന്ന് ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ശക്തമായ മഴയ്ക്കു സാധ്യതയുണ്ട്.

## കടലിറക്കം നിർണായകം

പെരിയാറിലെ വെള്ളപ്പൊക്കം പെട്ടെന്ന് ഒഴിവാകണമെങ്കിൽ അറബിക്കടൽ കനിയണം. ഇപ്പോൾ കടലിറക്കത്തിന്റെ കാലമാണ്. ഈ സമയത്തു ഉൾനാടൻ ജലാശയങ്ങളിലെ വെള്ളം പെട്ടെന്നു കടലിലേ

## രാജ്നാഥ് സിങ് നാളെ കേരളത്തിലേക്ക്

### കേരളത്തിനു വേണ്ടി എംപിമാർ ഒറ്റക്കെട്ടായി

മനോരമ ലേഖകൻ

ന്യൂഡൽഹി● കാലവർഷക്കെടുതിയിൽ വിറങ്ങലിച്ച കേരളത്തിന്റെ ആവശ്യങ്ങൾ കേന്ദ്രത്തെ ബോധ്യപ്പെടുത്താൻ രാഷ്ട്രീയ വ്യത്യാസം മറന്നു എംപിമാർ. എ.കെ.ആന്റണിയുടെ നേതൃത്വത്തിൽ എംപിമാർ കേന്ദ്ര ആഭ്യന്തരമന്ത്രി രാജ്നാഥ് സിങ്ങിനെ കണ്ട് സംസ്ഥാനത്തിന്റെ ദുരിതം ബോധ്യപ്പെടുത്തി. കേന്ദ്രമന്ത്രി അൽഫോൻസ് കണ്ണന്താനവും ഒപ്പമുണ്ടായിരുന്നു.

ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്നായിരുന്നു സർവകക്ഷിസംഘത്തിന്റെ ആവശ്യം. ആശ്വാസ നടപടികൾ പ്രത്യേകമായി പരിഗണിക്കണമെന്നും ഇക്കാര്യത്തിൽ സാങ്കേതിക തടസ്സങ്ങൾ നോക്കരുതെന്നും എംപിമാർ ആവശ്യപ്പെട്ടു. ചർച്ചയ്ക്കു പിന്നാലെ, കെടുതി വിലയിരുത്താൻ രാജ്നാഥ് സിങ് നാളെ കേരളത്തിലെത്തുമെന്ന പ്രഖ്യാപനവും വന്നു. കെ.സി.വേണുഗോപാൽ, കെ.വി.തോമസ്, മുല്ലപ്പള്ളി രാമചന്ദ്രൻ, കൊടിക്കുന്നിൽ സുരേഷ്, ശശി തരൂർ, എം.കെ.രാഘവൻ, പി.കരുണാകരൻ, ബിനോയ് വിശ്വം, ഇന്നസന്റ്, ഇ.ടി.മുഹമ്മദ് ബഷീർ, വി.മുരളീധരൻ, സുരേഷ് ഗോപി എന്നിവരും സംഘത്തിലുണ്ടായിരുന്നു.

ബിജെപി സംസ്ഥാന അധ്യക്ഷൻ പി.എസ്.ശ്രീധരൻ പിള്ളയുടെ നേതൃത്വത്തിൽ എൻഡിഎ സംഘവും സഹായാഭ്യർഥനയുമായി കേന്ദ്രമന്ത്രി രാജ്നാഥ് സിങ്ങിനെ കണ്ടു.